**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 518** **17-09-2025-ൽ മറുപടിയ്ക്ക്**

**കേന്ദ്ര വിഹിതത്തിലെ കുടിശ്ശിക**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. ജെ. മാക്സി ശ്രീ. വി. ഡി. സതീശൻ

ശ്രീ. കെ. ജെ. മാക്സി (മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ വന്ന കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**1. കേരള വാട്ടർ അതോറിറ്റി**

കേന്ദ്ര സർക്കാരും കേരള സർക്കാരും ചേർന്ന് നടത്തുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജൽ ജീവൻ മിഷൻ. 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ മാനദണ്ഡങ്ങൾ മുഴുവൻ പാലിച്ചിട്ടും കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകേണ്ട രണ്ടാമത്തെ ഗഡുവായ 974.68 കോടി രൂപ ലഭ്യമായിട്ടില്ല.

**2. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് (സിവിൽ സപ്ലൈസ്)** – വിവിധ പദ്ധതികൾക്കായി ചുവടെ പറയുന്ന തുകകൾ ലഭ്യമാകാനുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | തുക (കോടി രൂപയിൽ) |
|---|---|---|
| 1 | NFSA പദ്ധതിയുടെ 2023-24 വർഷത്തെ ഫൈനൽ സെറ്റിൽമെന്റ് ക്ലെയിം | 26.33 |
| 2 | NFSA പദ്ധതിയുടെ 2024-25 വർഷത്തെ ഫൈനൽ സെറ്റിൽമെന്റ് ക്ലെയിം | 5.73 |
| 3 | NFSA പദ്ധതിയുടെ 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലേക്ക് അനുവദിച്ചതിൽ കുറവ് വന്ന തുക | 22.13 |
| 4 | 2020-21 വർഷത്തിൽ, PMGKAY പദ്ധതി പ്രകാരം പയർ വർഗ്ഗങ്ങൾ വിതരണം നടത്തിയതിന്റെ ഫൈനൽ സെറ്റിൽമെന്റ് ക്ലെയിം | 4.4 |
| 5 | PMGKAY പദ്ധതി പ്രകാരം 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിലേക്ക് അനുവദിച്ചതിൽ കുറവ് വന്ന തുക | 39.04 |
| 6 | 2020-21 വർഷത്തിൽ, ആത്മ നിർഭർ ഭാരത് പദ്ധതി പ്രകാരം ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിയതിന്റെ ഫൈനൽ സെറ്റിൽമെന്റ് ക്ലെയിം | 0.16 |
| 7 | എൻഡ് ടു എൻഡ് കംപ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഫൈനൽ സെറ്റിൽമെന്റ് ക്ലെയിം | 1.22 |
| 8 | IMPDS പദ്ധതിയുടെ ഫൈനൽ സെറ്റിൽമെന്റ് ക്ലെയിം | 0.26 |
|  | **ആകെ** | **99.26** |

കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി പ്രകാരം സപ്ലൈകോയ്ക്ക് ലഭിക്കേണ്ട തുകയുടെ പട്ടിക ചുവടെ ചേർക്കുന്നു.

| FY | Amount Claimed (in Cr.) | Sanctioned amount (in Cr.) | Pending amount from GoI (in Cr.) |
|---|---|---|---|
| 2017-18 | 742.68 | 736.31 | 6.37 |
| 2018-19 | 538.2 | 531.66 | 6.54 |
| 2019-20 | 1221.76 | 1125.11 | 96.65 |
| 2020-21 | 1269.25 | 1254.15 | 15.1 |
| 2021-22 | 1380.91 | 1349.02 | 31.89 |
| 2022-23 | 1491.64 | 1140.41 | 351.23 |
| 2023-24 | 1311.1 | 1183.8 | 127.3 |
| 2024-25 | 1210.14 | 1003.68 | 206.46 |
| 2025-26 | 350.12 | 242.38 | 107.74 |
| 2017-18 to 2022-23 | 257.41 | 0 | 257.41 (Transportation claim submitted to GoI) |
| **Total** | **9773.2** | **8324.14** | **1206.69** |

**3. <u>ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം)</u>**

2023-24 സാമ്പത്തിക വർഷം 2521.99 കോടി രൂപയുടെ പദ്ധതികളാണ് ദേശീയ ആരോഗ്യമിഷൻ മുഖേന നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നത്. ഇതിനായി നീക്കിവെച്ച പദ്ധതി വിഹിതം 1376.70 കോടി രൂപയായിരുന്നു. 60:40 എന്ന കേന്ദ്ര - സംസ്ഥാന സർക്കാർ അനുപാതത്തിൽ കേന്ദ്രവിഹിതമായി ലഭിക്കേണ്ടിയിരുന്നത് 826.02 കോടി രൂപയും സംസ്ഥാന വിഹിതം 550.68 കോടി രൂപയുമായിരുന്നു. എന്നാൽ, കേന്ദ്ര സർക്കാർ 2023-24 വർഷത്തിൽ കാഷ് ഗ്രാന്റ് ഫണ്ട് ഒന്നും തന്നെ നൽകിയിട്ടില്ല.

2023-24 സാമ്പത്തിക വർഷം 636.88 കോടി രൂപയാണ് കേന്ദ്ര വിഹിതത്തിൽ എൻ.എച്ച്.എം ന് കുടിശ്ശികയായത്. (278.27 കോടി രൂപ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് ഇനത്തിലും, 358.61 കോടി രൂപ ദേശീയ ആരോഗ്യമിഷന്റെ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിത ഇനത്തിലും.) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | രൂപ കോടിയിൽ | | |
|---|---|---|---|
| | പദ്ധതി അടങ്കൽ | ഫണ്ട് ലഭിച്ചത് | ബാക്കി തുക |

| | | | | |
|---|---|---|---|---|
| കേന്ദ്ര വിഹിതം | കേന്ദ്ര വിഹിതം (Cash Grant) | 358.61 | 0 | 358.61 |
| | Kind Grant | 85.99 | 85.99 | 0 |
| | Infrastructure Maintenance (JPHN Salary)<br>Reimbursement mode | 381.42 | 103.15 | 278.27 |
| **ആകെ കേന്ദ്ര വിഹിതം** | | **826.02** | **189.14** | **636.88** |

**4. സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)**

സംസ്ഥാനത്ത് സമഗ്ര ശിക്ഷാ കേരളം മുഖേന നടപ്പിലാക്കുന്ന ചുവടെ പറയുന്ന പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | നിലവിലെ കുടിശ്ശിക |
|---|---|---|
| 1 | എസ്.എസ്.കെ | 1055.72 കോടി രൂപ |
| 2 | ഡയറ്റ്സ് ഓഫ് എക്സലൻസ് | 21.44 കോടി രൂപ |

**5. വ്യാവസായിക പരിശീലന വകുപ്പ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ അപ്രന്റിസ്ഷിപ്പ് പ്രൊമോഷൻ സ്കീം (NAPS – 100% ) 2022 ഏപ്രിൽ 1 മുതൽ Direct Beneficiary Transfer (DBT) ആയി മാറിയതിനാൽ കേന്ദ്രത്തിൽ നിന്നും നാപ്സ് പദ്ധതിക്ക് ഫണ്ട് നിർത്തലാക്കിയിട്ടുണ്ട്. നാപ്സ് പദ്ധതി ആരംഭിച്ച 2016 ആഗസ്റ്റ് മുതൽ 2022 മാർച്ച് വരെ 17.34 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. നിലവിൽ 2016 ആഗസ്റ്റ് മുതൽ 2022 മാർച്ച് വരെ പെന്റിംഗ് ഇനത്തിലുള്ള 3.55 കോടി രൂപ ലഭിക്കാനുണ്ട്.

**6. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിൽ 100 % കേന്ദ്ര സഹായത്തോട് കൂടി നടപ്പാക്കുന്ന EARAS പദ്ധതിയിൽ 39.53 കോടി രൂപയും RMIS പദ്ധതിയിൽ 1.46 കോടി രൂപയും കേന്ദ്ര വിഹിതം ലഭിക്കാനുണ്ട്..

**7. മൃഗസംരക്ഷണ വകുപ്പ്**

2022 മുതലുള്ള കാലഘട്ടങ്ങളിൽ സംസ്ഥാന ഗവൺമെന്റ് പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് പ്രകാരം വാർഷിക കർമ്മ പദ്ധതിയിൽ അംഗീകരിക്കുകയും തുടർന്ന് കേന്ദ്രം റിലീസ് ചെയ്യുകയും ചെയ്ത ഫണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**2022-23**

| Name of the scheme | 2022-23 (AMOUNT IN CRORES) |
|---|---|

| | Proposed Amount | Approved Action Plan | Fund Released | Shortage against approved action plan |
|---|---|---|---|---|
| Livestock Health and Disease control project – Mobile veterinary unit | 3.48 | 2.76 | 0.87 | 1.89 |

**2023-24**

| Name of the scheme | 2023-24 (AMOUNT IN CRORES) | | | |
|---|---|---|---|---|
| | Proposed Amount | Approved Action Plan | Fund Released | Shortage against approved action plan |
| Livestock Health and Disease Control Project – Assistance to States for control of Animal Diseases (ASCAD) | 55.43 | 11.30 | 2.82 | 8.47 |
| Livestock Health and Disease Control Project - NADCP | 11.30 | 9.10 | 2.28 | 6.83 |
| Livestock Health and Disease Control Project - MVU | 16.65 | 3.46 | 0.87 | 2.60 |

**2024-25**

| Name of the scheme | 2024-25 (AMOUNT IN CRORES) | | | |
|---|---|---|---|---|
| | Proposed Amount | Approved Action Plan | Fund Released | Shortage against approved action plan |
| Livestock Health and Disease Control Project – Assistance to States for control of Animal Diseases (ASCAD) | 59.27 | 11.97 | 7.48 | 4.49 |
| Livestock Health and Disease Control Project - NADCP | 10.51 | 8.41 | 4.20 | 4.21 |
| Livestock Health and Disease Control Project – MVU | 3.46 | 3.46 | 2.16 | 1.30 |
| National Livestock Mission (NLM) | 101.04 | 2.00 | 0.50 | 1.50 |

ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ സ്കീമിൽ കഴിഞ്ഞ പതിനൊന്ന് വർഷമായി കേന്ദ്ര സർക്കാരിൽ നിന്നും 6.11 കോടി രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്.

**8. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

100% കേന്ദ്ര വിഹിതത്തോടെ നടപ്പിലാക്കുന്ന ദേശീയ ബയോഗ്യാസ് വികസന പദ്ധതിയ്ക്ക് 2014-15 മുതൽ 2024-25 വരെ ആകെ 3.43 കോടി രൂപ കുടിശ്ശിക നിലനിൽക്കുന്നു.

**9. <u>ആഭ്യന്തര വകുപ്പ്</u>**

പോക്സോ കേസുകളുടെ വിചാരണയ്ക്കായി ഫാസ്റ്റ് ട്രാക്ക് പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന Setting up of Fast Track Special Courts for the trial of POCSO Cases എന്ന പദ്ധതിയിൽ 7.48 കോടി രൂപ കേന്ദ്രവിഹിതത്തിൽ കുടിശ്ശിക ഉണ്ട്.

**10. <u>കേരള ഹൈക്കോടതി</u>**

Setting up of Special Courts/Benches under the Protection of Civil Rights Act of SC/ST (Prevention of Atrocities) Act എന്ന പദ്ധതിയിൽ 2.91 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിക്കുവാനുണ്ട്.

**11. <u>ജലസേചന വകുപ്പ്</u> (Project II)**

കേന്ദ്രാവിഷ്കൃത പദ്ധതിയായ CADA പദ്ധതി ഇനത്തിൽ 5.36 കോടി രൂപ നിലവിൽ കുടിശ്ശിക ഉണ്ട്.

**12. <u>വനിതാ ശിശുവികസന വകുപ്പ്</u>**

വനിതാശിശുവികസന വകുപ്പ് വഴി സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക വന്നിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**i. <u>പോഷൺ അഭിയാൻ</u>**

പോഷൺ അഭിയാൻ 2.0 മാർഗ്ഗനിർദ്ദേശം പ്രകാരം പദ്ധതിയുടെ നിർവഹണ തുക കേന്ദ്ര സംസ്ഥാന സർക്കാർ 60:40 അനുപാതത്തിലാണ്.

2023-24 സാമ്പത്തിക വർഷത്തെ APIP ൽ 89.79 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ ടി തുക കേന്ദ്ര സർക്കാരിൽ നിന്നും റിലീസ് ലഭ്യമായിട്ടില്ല. 2024-25 സാമ്പത്തിക വർഷത്തെ APIP യിൽ 51.91 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി തുകയിൽ ആദ്യ രണ്ട് പാദത്തിലെ ഫണ്ട് ആയ 45.65 കോടി രൂപ (60% Central Share) കേന്ദ്ര സർക്കാരിൽ നിന്നും റിലീസ് ചെയ്തിട്ടുണ്ട്. ബാക്കി ലഭിക്കാനുള്ള ഫണ്ട് ലഭ്യമായിട്ടില്ല. കൂടാതെ 2025-26 സാമ്പത്തിക വർഷത്തെ APIP ൽ 104.15 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കേന്ദ്ര സർക്കാരിൽ നിന്ന് ഈ സാമ്പത്തിക വർഷത്തെ ഫണ്ട് റിലീസ് ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | കേന്ദ്ര വിഹിതത്തിലെ കുടിശ്ശിക (കോടിയിൽ) |
|---|---|---|
| 1 | 2023-24 | 89.79 |

| | | |
|---|---|---|
| 2 | 2024-25 | 6.26 |
| 3 | 2025-26 | 104.15 |
| **ആകെ** | | **200.2** |

**ii. <u>സ്കീം ഫോർ അഡോളസന്റ് ഗേൾസ്</u>**

സ്കീം ഫോർ അഡോളസന്റ് ഗേൾസ് പദ്ധതിയ്ക്കായി 2024-25 സാമ്പത്തികവർഷത്തിലെ മൂന്ന്, നാല് ഗഡു കുടിശ്ശികയായി (യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ) 1.36 കോടി രൂപ ലഭിക്കാനുണ്ട്.

**iii. <u>അനുപൂരക പോഷകാഹാര പദ്ധതി</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അനുപൂരക പോഷകാഹാര പദ്ധതിക്ക് 2025-26 സാമ്പത്തിക വർഷത്തെ കേന്ദ്രഫണ്ട് ലഭ്യമായിട്ടില്ല. APIP അംഗീകരിച്ച 1.36 കോടി രൂപയിൽ നിന്ന് 30.09.2025 വരെ ആവശ്യമുള്ള രണ്ട് ക്വാർട്ടർ തുക ലഭ്യമാകാനുണ്ട്.

**iv. <u>സ്റ്റേറ്റ് നിർഭയ സെൽ</u>**

വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയ സെൽ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വൺ സ്റ്റോപ്പ് സെന്റർ. ടി പദ്ധതിയ്ക്ക് വിവിധ ഇനങ്ങളിലായി 3.44 കോടി രൂപ ലഭ്യമാകാനുണ്ട്.

**v. <u>മിഷൻ ശക്തി</u>**

മിഷൻശക്തിയിൽ ഉൾപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കുടിശ്ശിക വിവരം താഴെ കൊടുക്കുന്നു.

| **ക്രമ നം.** | **പദ്ധതിയുടെ പേര്** | **കുടിശ്ശിക തുക (തുക കോടിയിൽ)** | **അഭിപ്രായം** |
|---|---|---|---|
| 1 | സഖിനിവാസ് (60:40 CSS) | 10.35 | 2023-24, 2024-25 കുടിശ്ശിക, 2025-26 വർഷത്തെ തുക |
| 2 | വുമൺ ഹെൽപ്പ് ലൈൻ (100% CSS) | 0.69 | 2023-24, 2024-25 കുടിശ്ശിക |
| 3 | പൽന സ്കീം – സ്റ്റാന്റ് എലോൺ ക്രഷ് (60:40 CSS) | 6.32 | 2023-24, 2024-25 കുടിശ്ശിക |

**vi. <u>ഐ.സി.പി.എസ് (Integrated child protection scheme)</u>**

വകുപ്പിന് കീഴിൽ 60:40 എന്ന അനുപാതത്തിൽ നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയുടെ നടത്തിപ്പിനായി 2024-25 സാമ്പത്തിക വർഷം വരെ കേന്ദ്രവിഹിതം അനുവദിച്ചുനൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ ഓരോ സാമ്പത്തിക വർഷവും ഫണ്ട് അനുവദിക്കണമെങ്കിൽ SNA അക്കൗണ്ടിൽ ഒരു സാമ്പത്തിക വർഷത്തിൽ കേന്ദ്രം അനുവദിക്കുന്ന തുകയും, ആനുപാതിക സംസ്ഥാന വിഹിതവും

ചേർന്ന ബാലൻസ് തുക സംസ്ഥാനത്തിന് ഒന്നാം ഗഡുവായി ലഭിക്കേണ്ട തുകയുടെ 25 ശതമാനത്തേക്കാൾ കൂടുതൽ ആകാൻ പാടില്ല എന്ന് 05.06.2023 ലെ കേന്ദ്രസർക്കാർ OM.No.1/(08)/PFMS/2023 ൽ നിഷ്കർഷിക്കുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ മിഷൻ വാത്സല്യ പദ്ധതിക്കായി 32 കോടി രൂപ വരെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. നിലവിൽ മുൻവർഷം അനുവദിച്ച തുകയിൽ നീക്കിയിരിപ്പ് ഉള്ളതിനാൽ ചൈൽഡ് ഹെൽപ്പ് ലൈൻ പദ്ധതിക്ക് മാത്രമാണ് തുക അനുവദിച്ചത്.

**13. <u>മത്സ്യബന്ധന വകുപ്പ്</u>**

2020-21 മുതൽ 2024-25 വരെ മത്സ്യബന്ധന വകുപ്പിൽ 161.63 കോടി രൂപ കേന്ദ്രവിഹിതത്തിൽ കുടിശ്ശികയുണ്ട്.

**14. <u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**

2023-24, 2024-25 എന്നീ വർഷങ്ങളിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 25.43 കോടി രൂപ കേന്ദ്രവിഹിതത്തിൽ കുടിശ്ശികയുണ്ട്.

**15. <u>പട്ടികജാതി വികസന വകുപ്പ്</u>**

50% CSS പദ്ധതിയായ Implementation of POA & PCR ACT പദ്ധതിയിൽ 2022-23 മുതൽ 2024-25 വരെ 25.63 കോടി രൂപ കുടിശ്ശികയുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-AJAY പദ്ധതിയിൽ 5.27 കോടി രൂപ ലഭിക്കുവാനുണ്ട്.

**16. <u>പോലീസ്</u>**

"അസിസ്റ്റൻസ് ടു സ്റ്റേറ്റ്സ്/UTs ഫോർ മോഡേണൈസേഷൻ ഓഫ് പോലീസ്" എന്ന കേന്ദ്ര പദ്ധതിയിൽ 44.73 കോടി രൂപ കേന്ദ്രവിഹിതത്തിൽ കുടിശ്ശികയുണ്ട്.

**17. <u>വനം വകുപ്പ്</u>**

സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടില്ല. എന്നാൽ 100% കേന്ദ്ര വിഹിതത്തോടെയുള്ള പ്രധാനമന്ത്രി വൻധൻ വികാസ് കേന്ദ്രങ്ങളുടെ രൂപീകരണത്തിനായുള്ള പദ്ധതിയിൽ 2021-22ൽ അംഗീകരിച്ച APO - യുടെ ആകെ അടങ്കൽ തുകയായ 4.02 കോടി രൂപയിൽ 2.01 കോടി രൂപ ലഭിക്കുവാനുണ്ട്. കൂടാതെ 100% കേന്ദ്ര വിഹിതത്തോടെയുള്ള സ്കൂൾ നഴ്സറി യോജന പദ്ധതി നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷത്തിൽ അംഗീകരിച്ച APO - യുടെ ആകെ അടങ്കൽ തുകയായ 0.47 കോടി രൂപയിൽ 0.14 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുവാനുണ്ട്.

**18. <u>ഉന്നത വിദ്യാഭ്യാസ വകുപ്പ്</u>**

ഏഴാം യു.ജി.സി ശമ്പള പരിഷ്കരണം നടപ്പിലാക്കിയതു മൂലം 01.01.2016 മുതൽ 31.03.2019 വരെയുള്ള കാലയളവിൽ യൂണിവേഴ്സിറ്റി അധ്യാപകർക്കും കോളേജ് അധ്യാപകർക്കും കുടിശ്ശികയായി നൽകാനുള്ള കേന്ദ്ര – സംസ്ഥാന വിഹിതമായ 1501.87 കോടി രൂപയിൽ (50:50) കേന്ദ്ര വിഹിതമായി 750.93 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകാനുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ 27.07.2022 തീയതിയിലെ എഫ്.1-1/2018-u. II കത്തു പ്രകാരം സംസ്ഥാന സർവ്വകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകർക്ക് പുതുക്കിയ വേതനം (ഏഴാം സി പി സി) നടപ്പിലാക്കുന്നതിനുള്ള 50% കേന്ദ്രവിഹിതം സംസ്ഥാന സർക്കാരുകൾക്ക് തിരികെ നൽകുന്ന പദ്ധതി (reimbursement scheme) 01.04.2022 മുതൽ അവസാനിപ്പിക്കാൻ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഈ തീരുമാന പ്രകാരം സംസ്ഥാനത്തിന് അർഹമായ 750.93 കോടി രൂപ ലഭ്യമായിട്ടില്ല.

**19. <u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u>**

സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഉൾപ്പെടുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളിലെ 8,46,456 പേർക്ക് മാത്രമാണ് കേന്ദ്രസഹായം ലഭിക്കുന്നത്.

കേന്ദ്രസഹായം ലഭിക്കുന്ന ഗുണഭോക്താക്കളെ NSAP (National Social Assistance Program) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി ധനസഹായം നൽകി വരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷന്റെ സംസ്ഥാന വിഹിതം അനുവദിക്കുന്നതോടൊപ്പം ഓരോ മാസത്തെയും കേന്ദ്ര വിഹിതം വിതരണം ചെയ്യുന്നതിനായി 24.31 കോടി രൂപ സംസ്ഥാന സർക്കാർ മുൻകൂറായി അനുവദിക്കുകയും ഈ തുക സംസ്ഥാനത്തിന് കേന്ദ്രം പിന്നീട് റീഇംബേഴ്സ്മെന്റ് ആയി അനുവദിക്കുകയുമാണ് ചെയ്തുവരുന്നത്. 2025 ആഗസ്റ്റ് മാസം വരെ വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷന്റെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഗുണഭോക്താക്കൾക്ക് ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ 153.63 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 34.99 കോടി രൂപയും, 2025-26 ഒന്നാം പാദത്തിൽ 2.14 കോടി രൂപയും ഉൾപ്പെടെ ആകെ 190.76 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിക്കുവാൻ ഉണ്ട്.

**(ബി)** സംസ്ഥാന വിഹിതം 40 ശതമാനമോ അതിലധികമോ ഉള്ള പദ്ധതികൾക്ക് കേന്ദ്രം നിർദ്ദേശിക്കുന്ന പേരുകൾ നൽകാത്തതിനാൽ, അർഹമായ ഗ്രാന്റുകളും വിഹിതവും നൽകുന്നതിൽ കേന്ദ്ര സർക്കാർ മനഃപൂർവ്വമായ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u> <u>ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം)</u>**

ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളുടെ ബ്രാൻഡിംഗ് കേന്ദ്ര സർക്കാർ നിഷ്കർഷിച്ച പ്രകാരം നടത്താത്തതാണ് 2023-24 സാമ്പത്തിക വർഷം ഫണ്ട് നൽകാത്തതിന് കാരണമായി കേന്ദ്ര സർക്കാർ അറിയിച്ചത്. ഇതുമായി ബന്ധപ്പെട്ട് കോ-ബ്രാൻഡിംഗ് പൂർത്തിയാക്കിയതായും ദേശീയ ആരോഗ്യ മിഷൻ പദ്ധതിയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതിനുള്ള മറ്റു മാനദണ്ഡങ്ങൾ പൂർത്തീകരിച്ചതായും 30.09.2023, 05.11.2023 എന്നീ തീയതികളിലെ സ്റ്റേറ്റ് മിഷൻ

ഡയറക്ടറുടെ കത്തുകൾ പ്രകാരവും 17.10.2023, 16.11.2023 എന്നീ തീയതികളിലെ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽസെക്രട്ടറിയുടെ കത്തുകൾ പ്രകാരവും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

എന്നാൽ, 29.11.2023 ലെ കത്ത് പ്രകാരം ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളുടെ പേര് "ആയുഷ്മാൻ ആരോഗ്യ മന്ദിർ" എന്ന് പുനർനാമകരണം ചെയ്യണമെന്നും പുതിയ ബ്രാൻഡിംഗ് ഡിസംബർ 31 നകം പൂർത്തീകരിക്കണമെന്നും കേന്ദ്രം ആവശ്യപ്പെട്ടു.

ഇതിനു മറുപടിയായി സംസ്ഥാനം എല്ലാ കോ-ബ്രാൻഡിംഗ് പൂർത്തിയാക്കിയതായും പുതിയ പേര് കേരളത്തിലെ ജനങ്ങൾക്ക് ആശയക്കുഴപ്പം ഉണ്ടാക്കുമെന്നും അതിനാൽ ഈ തീരുമാനം പുനപരിശോധിക്കണമെന്നും ചൂണ്ടിക്കാണിച്ച് 13.12.2023 ലെ No.M1/402/2021-Health – part (14) പ്രകാരം ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനു കത്ത് നൽകിയിരുന്നെങ്കിലും കേന്ദ്ര ആരോഗ്യ മന്ത്രാലയം കേന്ദ്ര പദ്ധതി വിഹിതം അനുവദിച്ചില്ല. അതിനു ശേഷം സംസ്ഥാനം G.O.(Rt) No. 1543/2024/H&FWD dated 26.06.2024 പ്രകാരം കേന്ദ്രം നിഷ്കർഷിച്ച ബ്രാൻഡിംഗ് ആയ "ആയുഷ്മാൻ ആരോഗ്യ മന്ദിർ" എന്ന് പുനർനാമകരണം ചെയ്യേണ്ടതാണെന്ന ഉത്തരവ് ആയതിന് ശേഷമാണ് കേന്ദ്രം 2024-25 ൽ ഫണ്ട് അനുവദിച്ചത്.

**<u>സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)</u>**

2023-24 മുതൽ എസ്. എസ്.കെ പദ്ധതിയ്ക്ക് ലഭിക്കാനുള്ള അർഹമായ കേന്ദ്രവിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു:

*(തുക കോടിയിൽ)*

| ക്രമ നം. | സാമ്പത്തിക വർഷം | അംഗീകരിച്ച പദ്ധതി | ആനുപാതിക കേന്ദ്രവിഹിതം (60%) | കേന്ദ്രവിഹിതം ലഭിച്ചത് | കേന്ദ്രവിഹിതം ലഭിക്കാനുള്ളത് |
|---|---|---|---|---|---|
| 1 | 2023-24 | 702.72 | 421.62 | 141.06 | 188.58 |
| 2 | 2024-25 | 855.90 | 513.54 | 0 | 513.54 |
| 3 | 2025-26 | 751.01 | 446.01 | 92.41 | 353.6 |
| **ആകെ** | | **2309.63** | **1381.17** | **233.47** | **1055.72** |

**സെക്ഷൻ ഓഫീസർ**